LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ഇ - മണൽ വിതരണ ക്രമക്കേടുകൾ

76 (2569) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഇ-മണൽ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച തുകയുടെ വിതരണം

77 (T 2570) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ജോസ്പുരം കോളനിയിൽ കല്ലേലി വീട്ടിൽ ബ്രിജിത്തക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ആറുമാസങ്ങൾക്കുമുമ്പ് പെറ്റീഷൻ നമ്പർ 12165 സി.എം. ഡി. ആർ. എഫ്. 14/എം. (ആർ&സി) അനുവദിച്ച മൂവായിരം രൂപ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) അനുവദിച്ച തുക വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ കുറുകുറ്റി വില്ലേജിൽ പള്ളിപ്പാട് വീട്ടിൽ റോസിലി പൗലോസ് ടിയാളുടെ ഭർത്താവ് അപകടത്തിൽ മരിച്ചതിനോടനുബന്ധിച്ച് ദുരിതാശ്വാസനിധിയിൽനിന്ന് തുക അനുവദിച്ച് കിട്ടുന്നതിനായി 6-5-2013-ൽ സമർപ്പിച്ച നിവേദനം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും 3538/VIP/CM/2013 നമ്പർ കത്ത് പ്രകാരം റവന്യൂ വകുപ്പിന് നൽകിയിട്ടും തുക ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) ഇവർക്ക് എന്നത്തേക്ക് ദുരിതാശ്വാസനിധിയിൽനിന്ന് തുക നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീമതി ബ്രിജിത്തയ്ക്ക് 16-2-2015 ലെ സ.ഉ. (സാധ) 928/15/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 3000 രൂപ ചികിത്സാ സഹായമായി അനുവദിച്ചിരുന്നു. 3-7-2015-ന് ശ്രീമതി ബ്രിജിത്ത തുക കൈപ്പറ്റിയിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും കാരണം കാലതാമസം ഉണ്ടാകുന്നുണ്ട്.

(സി&ഡി) ശ്രീമതി റോസിലി പൗലോസിന് 2-7-2015-ലെ സ.ഉ. (സാധാ) നമ്പർ 3442/15/റവ. പ്രകാരം 30,000 രൂപ ധനസഹായം അനുവദിച്ചിട്ടുള്ളതും തുക രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി കൈമാറുന്നത്

78 (2571) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. സി. വകുപ്പിന്റെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പഞ്ചായത്തിലെ റവന്യൂ പുറമ്പോക്ക് (ബ്ലോക്ക് നമ്പർ 45-ൽ റീ-സർവ്വേ 28/1,28/2-ൽ 185 സെന്റ് ഭൂമി) വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഭൂമി കൈമാറുന്നതിന് ജില്ലാ ഭരണകൂടം ആവശ്യമായ രേഖകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഭൂമി കൈമാറുന്നതിനുള്ള തടസ്സങ്ങൾ നീക്കി എത്രയും വേഗം ഭൂമി കൈമാറാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly